വൈദ്യുതി ബോർഡിന്റെ നഷ്ടം

7 (895) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി എത്ര ; യൂണിറ്റിന് എന്ത് വിലയ്ക്ക് ;

(ബി) വൈദ്യുതി വിതരണത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു ദിവസത്തെ ശരാശരി നഷ്ടം എത്ര ?

ഉത്തരം

(എ) ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് പുറത്തുനിന്നും വാങ്ങിയ വൈദ്യുതി 569.9 എം. യു. ആണ്. ഇതിന്റെ ശരാശരി വില 1.82 രൂപയാണ്.

(ബി) 2002-2003-ലെ ശരാശരി വൈദ്യുതി ഉപഭോഗം, വൈദ്യുതിയുടെ ശരാശരി ഉൽപ്പാദനച്ചെലവ്, വാങ്ങുന്നതിന്റെ വില, ഈടാക്കുന്ന നിരക്ക് ഇവയുടെ വെളിച്ചത്തിൽ ശരാശരി പ്രതിദിന നഷ്ടം 2.95 കോടി രൂപയാണ്.

വൈദ്യുതി ബോർഡിന്റെ നഷ്ടത്തിന് കാരണം

8 (896) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ ഇപ്പോഴത്തെ നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത നഷ്ടത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രസരണത്തിൽ ഉള്ള നഷ്ടം എത്ര ശതമാനമാണെന്നും വൈദ്യുതി മോഷണംമൂലം ഉണ്ടാകുന്ന നഷ്ടം എത്ര ശതമാനമാണെന്നും ഇവ ഓരോന്നുംമൂലം ബോർഡിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നഷ്ടങ്ങൾ പരിഹരിക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2002-2003-ലെ ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് (സർക്കാരിൽ നിന്നും ലഭിക്കേണ്ട സബ്സിഡി ഉൾപ്പെടുത്താതെ) പ്രസ്തുത വർഷം 1104 കോടി രൂപയാണ് ബോർഡിന്റെ നഷ്ടമായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടത്തിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു ;

ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദന ചെലവിനേക്കാൾ കുറവാണ്, ഉപ ഭോക്താവിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി ലഭിക്കുന്ന തുക, മഴ യുടെ അഭാവംമൂലം കൂടിയ വിലയ്ക്ക് താപനിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങേണ്ടി വന്നു. കൂടാതെ ബോർഡിന്റെ താപനിലയങ്ങളായ ബ്രഹ്മപുരം, കോഴിക്കോട് എന്നിവയിൽ നിന്നും കൂടിയ വിലയ്ക്കുള്ള ഇന്ധനം ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടി വന്നു. ഇതുകാരണം പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ തുക വൈദ്യുതി വാങ്ങുന്നതിനും ബോർഡിന്റെ തന്നെ താപനിലയങ്ങളിലേയ്ക്ക് ആവശ്യമായ ഇന്ധനമിനത്തിലും ചെലവു വന്നു. മുതൽ തിരിച്ചടവിനത്തിലും, പലിശയിനത്തിലും ഗണ്യമായ വർദ്ധനവുണ്ടായി.

(ബി) 2002-2003 സാമ്പത്തിക വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രസരണ വിതരണ നഷ്ടം ഏകദേശം മുപ്പത് ശതമാനമാണ്. മോഷണംമൂലം ഉണ്ടാകുന്ന നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. കണ്ടക്ടർ, ട്രാൻസ്ഫോർമർ തുടങ്ങിയവയിൽ കൂടി വൈദ്യുതി പ്രവഹിക്കുമ്പോൾ നല്ലൊരു പങ്ക് വൈദ്യുതി അനിവാര്യമായും നഷ്ടപ്പെടും. ഒരുശതമാനം വൈദ്യുതി നഷ്ടപ്പെടുന്നതുമൂലം ശരാശരി കണക്കുകൾ അനുസരിച്ച് പ്രതിവർഷം മുപ്പത് കോടി രൂപയോളം വരുമാനത്തിൽ കുറവുണ്ടാകും.

(സി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, 2002-2003 കാലയളവിൽ നാല് 110 കെ. വി (പുതിയത്), മൂന്ന് 110 കെ. വി. (അപ്ഗ്രഡേഷൻ), അഞ്ച് 33 കെ. വി. സബ്സ്റ്റേഷനുകളും കമ്മീഷൻ ചെയ്തു. 2003-2004 കാലയളവിൽ നാല് 220 കെ. വി., പതിനാല് 110 കെ. വി., മൂന്ന് 66 കെ. വി., അമ്പത്തിനാല് 33 കെ. വി. സബ്സ്റ്റേഷനുകളും സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

2. പത്താം പദ്ധതിക്കാലത്ത് നിലവിലുള്ള എച്ച്. റ്റി. എൽ. റ്റി. അനുപാതം 1:6-ൽ നിന്നും 1:4 ആയി കുറയ്ക്കാൻ 9500 കിലോമീറ്റർ 11 കെ. വി. ലൈൻ പണിയുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

3. കൊമേഴ്സ്യൽ നഷ്ടം പരിഹരിക്കുന്നതിനായി കേടായ മീറ്ററുകൾ മാറ്റി പുതിയ റ്റാംമ്പർ പ്രൂഫ് ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി അനുസരിച്ച് 3/2003 വരെ എട്ട് ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചു. 2003-2004 കാലയളവിൽ നാല് ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

4. കേരളത്തിലെ മൂന്ന് ഇലക്ട്രിക്കൽ സർക്കിളുകളിലും, ഏഴ് ടൗണുകളിലും, എ. പി. ഡി. ആർ. പി. പദ്ധതി അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിൽ മീറ്ററുകളും, കപ്പാസിറ്ററുകളും സ്ഥാപിച്ച് വരുന്നു. ഈ പദ്ധതി അനുസരിച്ച് ഈ പ്രദേശങ്ങളിലെ മുഴുവൻ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചുവരുന്നു.

5. എക്സ്ട്രാ ഹൈടെൻഷൻ ലൈനുകളിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സബ്സ്റ്റേഷനുകളിൽ 200 എം. വി. എ. ആർ കപ്പാസിറ്ററുകൾ 2002-2003-ൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൽ 160 എം. വി. എ. ആർ കപ്പാസിറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി 40 എം. വി. എ. ആർ. സ്ഥാപിച്ചു വരുന്നു. 2003-2004 കാലയളവിൽ 350 എം. വി. എ. ആർ. കപ്പാസിറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

6. ലൈനുകളുടെ അറ്റകുറ്റപ്പണികൾ ഷെഡ്യൂൾ പ്രകാരം യഥാസമയം ചെയ്യുകയും ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ച് മാറ്റുകയും ചെയ്തു വരുന്നു.

വൈദ്യുതി മോഷണം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1. വൈദ്യുതി മോഷണം തടയുന്നതിനായി, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) മേൽനോട്ടത്തിലും, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ആന്റി പവർ തെഫ്റ്റ് സ്ക്വാഡ്)-ടെ നിയന്ത്രണത്തിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി ഓരോ ആന്റി പവർ തെഫ്റ്റ് റീജണൽ യൂണിറ്റും, അതിന് കീഴിൽ തിരുവനന്തപുരം റീജണൽ യൂണിറ്റിൽ രണ്ടും എറണാകുളം റീജണൽ യൂണിറ്റിൽ മൂന്നും, കോഴിക്കോട് റീജണൽ യൂണിറ്റിൽ മൂന്നും ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ചു. കൂടാതെ ഹൈടെൻഷൻ-എക്സ്ട്രാ ഹൈടെൻഷൻ മേഖലയെക്കൂടി ബോർഡിലെ ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ മേലധികാരത്തിൽ കൊണ്ടുവരികയും, ആയതിന് ചുമതലക്കാരായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ആന്റി പവർ തെഫ്റ്റ് യൂണിറ്റ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തു.

2. കൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി 1-4-2003-ൽ ദി ഇന്ത്യൻ ഇലക്ട്രിസിറ്റി, കേരള അമൻഡ്മെന്റ് ഓർഡിനൻസ്-2003 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം, വൈദ്യുതി, വൈദ്യുതി ലൈൻ, സാധനസാമഗ്രികൾ എന്നിവ മോഷ്ടിക്കുന്നത് കുറ്റകരമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നിയമം നടപ്പാക്കുന്നതിനുവേണ്ടി ഇലക്ട്രിസിറ്റി യൂട്ടിലിറ്റി പ്രൊട്ടക്ഷൻ ഫോഴ്സ് സ്ഥാപിക്കാനും, പ്രത്യേക കോടതികൾ സ്ഥാപിക്കാനും വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly